# കില
## വാർത്താപത്രിക

VOLUME-9
ISSUE-7
JULY 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




ആധുനികസൗകര്യങ്ങളോടെ കിലയിൽ നിർമ്മിച്ച പരിശീലനബ്ലോക്ക് ഉദ്ഘാടനം ചെയ്ത് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **ഡോ.കെ.ടി. ജലീൽ** സംസാരിക്കുന്നു

## രണ്ടാം ജനകീയാസൂത്രണത്തിനു സമയമായി മന്ത്രി ഡോ. കെ. ടി. ജലീൽ

രണ്ടാം ജനകീയാസൂത്രണത്തിനു സമയമായെന്നു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ. ജനകീയാസൂത്രണത്തിന്റെ വഴിത്താരയിലൂടെയാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പാക്കിയതെന്നും അദ്ദേഹം പറഞ്ഞു. ആധുനികസൗകര്യങ്ങളോടെ കിലയിൽ നിർമ്മിച്ച പരിശീലനബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ജനകീയാസൂത്രണത്തിന്റെ അഭാവംമൂലം പല സംസ്ഥാനങ്ങളിലും അധികാരവികേന്ദ്രീകരണം നടപ്പാക്കാനായില്ല. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാരെ കോമൺ സർവീസിന്റെ കീഴിൽ കൊണ്ടുവരികയാണ് ലക്ഷ്യം. ഗ്രാമവികസനവും നഗരസഭയും പഞ്ചായത്തും ഒരേ കുടക്കീഴിൽ കൊണ്ടുവന്നില്ലെങ്കിൽ അധികാരവികേന്ദ്രീകരണത്തിനു ദോഷം ചെയ്യും. ഇന്നത്തെ ഗ്രാമങ്ങളാണ് നാളെ നഗരമായി മാറുന്നത്. ഇവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിനാണ് സർക്കാർ മുൻഗണന നൽകുന്നത്. തദ്ദേശഭരണവകുപ്പിലെ ജീവനക്കാർക്കു വർഷത്തിലൊരിക്കൽ ജില്ലാതലത്തിൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിക്കും. അഴിമതി എന്തുവിലകൊടുത്തും നിർമ്മാർജനം ചെയ്യും. അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ ഓരോ പഞ്ചായത്തിലും സൂക്ഷിക്കണം. അവരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തുകൾ മുൻകൈ എടുക്കുകയും വേണം.

അനിൽ അക്കര എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി എ.സി.മൊയ്തീൻ മുഖ്യാതിഥിയായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ,തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ലൈജു സി.എടക്കളത്തൂർ, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, ജില്ലാപഞ്ചായത്ത് മെമ്പർ പി.ആർ. സുരേഷ്ബാബു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ രഞ്ചു വാസുദേവൻ,പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എച്ച്. സുഭാഷ് കില പ്രൊഫസർ ഡോ.സണ്ണി ജോർജ് എന്നിവർ സംസാരിച്ചു. പരിശീലനുമായി ബന്ധപ്പെട്ട് കില തയ്യാറാക്കിയ മൂന്നു കൈപ്പുസ്തകങ്ങളുടെ പ്രകാശനകർമ്മം മന്ത്രി മൊയ്തീൻ നിർവഹിച്ചു.

# ഊരുമിത്രകളുടെ പരിശീലനം പൂർത്തിയായി

**4645 ഊരുകളിൽനിന്നുള്ള പ്രതിനിധികളും പട്ടികവർഗ്ഗ പ്രമോട്ടർമാരുമാണ് പരിശീലനത്തിനെത്തിയത്ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ,ട്രൈബൽ വാച്ചർ വിഭാഗങ്ങളിൽ പെട്ട 398 പേരും 911 പട്ടികവർഗ്ഗ പ്രമോട്ടർമാരും 41 ട്രൈബൽ എക്സ്റ്റഷൻ ഓഫീസർമാരുമുൾപ്പെടെ 1350 പേർ പങ്കെടുത്തു.**

പട്ടികവർഗ്ഗവികസനത്തിൽ ഊരുമിത്രകളേയും പട്ടികവർഗ്ഗ പ്രമോട്ടർമാരേയും ശാക്തീകരിക്കുന്നതിനു ഏപ്രിൽ 18 നു കിലയിൽ തുടങ്ങിയ ദ്വിദിന പരിശീലനപരിപാടി പൂർത്തിയായി. ഇവരുടെ ദൗത്യവും ചുമതലകളും കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു പരിശീലനം.സംസ്ഥാനത്തെ 4645 ഊരുകളിൽനിന്നുള്ള പ്രതിനിധികളും പട്ടികവർഗ്ഗ പ്രമോട്ടർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്.ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ,ട്രൈബൽ വാച്ചർ വിഭാഗങ്ങളിൽ പെട്ട 398 പേരും 911 പട്ടികവർഗ്ഗ പ്രമോട്ടർമാരും 41 ട്രൈബൽ എക്സ്റ്റഷൻ ഓഫീസർമാരുമുൾപ്പെടെ 1350 പേരാണ് 31 ബാച്ചുകളിലായി പരിശീലനത്തിനെത്തിയത്.സമാപനച്ചടങ്ങിൽ കോഴ്സ് കോർഡിനേറ്റർ എം.കെ.രവീന്ദ്രനാഥ് സംസാരിച്ചു. കേന്ദ്ര-സംസ്ഥാന-പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 500 സ്കീമുകളെക്കുറിച്ചായിരുന്നു മുഖ്യചർച്ച. അതിനായി നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചകൾ സംഘടിപ്പിച്ചു.

ഊരുകളിൽ ചെന്ന് ആദിവാസികളെ ആരോഗ്യ-ക്ഷേമ-പെൻഷൻ കാര്യങ്ങളിൽ സഹായിക്കുന്നതിനു വനം വകുപ്പിൽനിന്നു നിയമിച്ചിട്ടുള്ളവരാണ് ഊരുമിത്രകൾ. 100 പേർക്കു ഒരാൾ എന്ന തോതിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്.2015 ഡിസംബർ മുതൽ 700 ഊരുമിത്രകളുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്.

പട്ടികവർഗ്ഗക്കാരുടെ ഇന്നത്തെ അവസ്ഥ, പട്ടികവർഗ്ഗവികസനത്തിൽ പ്രമോട്ടർമാരുടെ ചുമതലകൾ, തൊഴിൽ-സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ, ഊരുമിത്രകളും പ്രമോട്ടർമാരും നേരിടുന്ന വെല്ലുവിളികൾ, അതിനുള്ള പരിഹാരങ്ങൾ, വിദ്യാഭ്യാസ-ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു പരിശീലനം.

കെ.ബി.ഷാജി, വി.സി.ചെറിയാൻ, എൻ.അനിൽകുമാർ, എൻ.രാമചന്ദ്രൻ, പി.രാമചന്ദ്രൻനായർ, ഡോ.എൻ.ഗോപീകൃഷ്ണൻ, ആർ.രാമചന്ദ്രൻ നായർ, എം.വി.കരുണാകരൻ, മിനി.കെ തുടങ്ങിയവരാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തത്.




ഗ്രാമപഞ്ചായത്തുകളിലെ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ പരിശീലനപരിപാടി കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ പരിശീലനം തുടങ്ങി

**സം**സ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം കിലയിൽ തുടങ്ങി. മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കില ഡയറക്ടർ ഡോ.പി.പി.ബാലൻ നിർവഹിച്ചു. കോഴ്സ് ഡയറക്ടർമാരായ ഡോ.ജെ.ബി.രാജൻ, ഡോ. പീറ്റർ എം.രാജ്, ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർമാരായ കെ.ഗോപാലകൃഷ്ണൻ, കെ.ജി. വിജയകൃഷ്ണൻ, അഡ്വ.സാജിറ എന്നിവർ സംസാരിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ തങ്ങളുടെ അധികാരങ്ങൾ ഫലപ്രദമായി വിനിയോഗിക്കണമെന്നു ഉദ്ഘാടനപ്രസംഗത്തിൽ ഡോ.ബാലൻ പറഞ്ഞു. വികസനം, ക്ഷേമകാര്യം, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിശീലനമാണ് ആരംഭിച്ചത്. സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി പരിശീലനം തുടരും. പരിശീലനം നൽകുന്നതിനു 200 ൽ പരം ഫാക്കൽറ്റികളെയാണ് കില സജ്ജമാക്കിയിട്ടുള്ളത്. കോട്ടയം, കോഴിക്കോട്, പത്തനംതിട്ട, കൊല്ലം, കസർകോട്, കണ്ണൂർ, കോട്ടയം, ഇടുക്കി ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള അംഗങ്ങളാണ് പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്.

കേരളത്തിലെ സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങളുടെ സവിശേഷതകൾ, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, പദ്ധതിനിർവഹണം, മോണിറ്ററിംഗ്, ശിശുവികസനം, സാമൂഹ്യസുരക്ഷാപദ്ധതി, ദാരിദ്ര്യനിർമ്മാർജനം, വയോജനക്ഷേമം, ക്ഷേമപെൻഷനുകൾ, ലൈസൻസ് അനുവദിക്കൽ, പൊതുജനങ്ങൾക്കുണ്ടാകുന്ന ശല്യങ്ങൾ ഒഴിവാക്കൽ ശുചിത്വ-മാലിന്യപരിപാലനം, ആരോഗ-വിദ്യാഭ്യാസ വികസനപരിപാടികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ് പരിശീലനം. കെ.വി.അനിൽകുമാർ, എം.രേണുകുമാർ, രാജേശ്വരി എസ്.മേനോൻ, മായാശശിധരൻ, ഡോ.ദിലീപ് കുമാർ, അഡ്വ.സീനാരാജഗോപാൽ, എ.കെ. രാമനാഥപിള്ള, വി.ജി.ശശിധരൻ, സി.രാധാകൃഷ്ണൻ, കെ.സദനരാജൻ തുടങ്ങിയ വിദഗ്ദ്ധരാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്.




പുതിയ പരിശീലനബ്ലോക്കിന്റെ ശിലാഫലകം മന്ത്രി **കെ.ടി.ജലീൽ** അനാച്ഛാദനം ചെയ്യുന്നു

# അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ സഹകരണപ്രസ്ഥാനത്തിനു കഴിയും: മന്ത്രി മൊയ്തീൻ

**അ**ധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ കേരളത്തിലെ സഹകരണപ്രസ്ഥാനത്തിനു സഹായിക്കാൻ കഴിയുമെന്ന് സഹകരണ-ടൂറിസം വകുപ്പുമന്ത്രി എ.സി.മൊയ്തീൻ പറഞ്ഞു. ആധുനികസൗകര്യങ്ങളോടെ കിലയിൽ സജ്ജീകരിച്ച പരിശീലനബ്ലോക്കിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശസ്ഥാപനങ്ങൾ തയ്യാറുക്കുന്ന പദ്ധതികൾക്കു സാമ്പത്തികസഹായം നൽകാനും സഹകരണ പ്രസ്ഥാനത്തിനു ശേഷിയുണ്ട്. പച്ചക്കറികളുടെ ഉദ്പ്പാദനത്തിനും വിതരണത്തിനും സഹായിക്കാനാകും. വിനോദസഞ്ചാരം ഒരു ഡെസ്റ്റിനേഷൻ സംവിധാനമായിക്കൂടാ. ടൂറിസം ഇന്നു വ്യവസായമാണ്.പലരും മുതൽമുടക്കാൻ മുന്നോട്ടുവരുന്നു. അതിനുള്ള പശ്ചാത്തലസൗകര്യം നാം ഒരുക്കികൊടുക്കണം. തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം സൗകര്യങ്ങൾ ഒരുക്കാൻ കഴിയും.ടൂറിസം സാംസ്കാരിക പ്രവർത്തനം കൂടിയാണ്. ഇതിനു തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടലും ജനപ്രതിനിധികളുടെ സഹകരണവും പങ്കാളിത്തവും അനിവാര്യമാണ്. പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനവും നാടൻ ഭക്ഷണവുമെല്ലാം ടൂറിസത്തിന്റെ ഭാഗമായി സംഘടിപ്പിക്കണം.





# ആരോഗ്യശുചിത്വപരിപാലനവും തദ്ദേശസ്ഥാപനങ്ങളും

ജനങ്ങളുടെ ആരോഗ്യസുരക്ഷയും ശുചിത്വപരിപാലനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ പരിസരമലിനീകരണം തടയുന്നതിനും ആരോഗ്യരക്ഷാമാർഗ്ഗങ്ങൾക്കുമുള്ള പദ്ധതികൾക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഗൗരവപരമായ പരിഗണന നൽകേണ്ടതുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണവേളയിൽ ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനു വളരെയേറെ പരിഗണന നൽകേണ്ടതുണ്ട്.ആരോഗ്യകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ മുടക്കം കൂടാതെ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കാൻ ശ്രമിക്കണം. വിതരണത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യവകുപ്പിൽനിന്ന് മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ യിൽനിന്നു നോൺ അവയലബിലിറ്റി സാക്ഷ്യപത്രം വാങ്ങിയശേഷം കേരള മെഡിക്കൽ കോർപ്പറേഷനിൽനിന്നു അലോപ്പതി മരുന്നുകളും ഔഷധിയിൽ നിന്നോ ആയുർധാരയിൽനിന്നോ ആയുർവേദമരുന്നുകളും സഹകരണ ഹോമിയോ ഫാർമസിയിൽനിന്നു ഹോമിയോ മരുന്നുകളും വാങ്ങി നൽകാവുന്നതാണ്. സർക്കാർ ചുമതലപ്പെടുത്തിയ മറ്റെന്തെങ്കിലും സ്ഥാപനമുണ്ടെങ്കിൽ അവിടെനിന്നു തദ്ദേശസ്ഥാപനത്തിന്റെ ഏതെങ്കിലും ഫണ്ടുവിനിയോഗിച്ച് പദ്ധതിൽപ്പെടുത്തി മരുന്നു വാങ്ങി നൽകാവുന്നതാണ്.

രോഗപ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണപരിപാടികൾ, സർവേകൾ, മറ്റുവിവരശേഖരണങ്ങൾ, സാധാരണ ശുചീകരണപ്രവർത്തനങ്ങൾക്കു പുറമെ നടത്തിവരുന്ന പ്രത്യേക ശുചീകരണപ്രവർത്തനങ്ങൾ എന്നിവ ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, എം.എച്ച്.എം, വാർഡുതല ആരോഗ്യശുചീകരണ പോഷണ സമിതികൾ എന്നിവയുടെ സഹകരണത്തോടെ നടത്തേണ്ടതാണ്. ഇതിനുവേണ്ടിവരുന്ന അത്യാവശ്യ ചെലവുകൾക്കു എൻ.എച്ച്.എം.പരിപാടിയുടെ ഫണ്ട്, ശുചീകരണ സമിതികൾക്കു ലഭിക്കുന്ന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താം.

**രോഗപ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണപരിപാടികൾ, സർവേകൾ, മറ്റുവിവരശേഖരണങ്ങൾ, സാധാരണ ശുചീകരണപ്രവർത്തനങ്ങൾക്കു പുറമെ നടത്തിവരുന്ന പ്രത്യേക ശുചീകരണപ്രവർത്തനങ്ങൾ എന്നിവ ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ,ആശാവർക്കർമാർ, എം.എച്ച്.എം, വാർഡുതല ആരോഗ്യശുചീകരണ പോഷണ സമിതികൾ എന്നിവയുടെ സഹകരണത്തോടെ നടത്തേണ്ടതാണ്. ഇതിനുവേണ്ടിവരുന്ന അത്യാവശ്യ ചെലവുകൾക്കു എൻ.എച്ച്.എം.പരിപാടിയുടെ ഫണ്ട്, ശുചീകരണ സമിതികൾക്കു ലഭിക്കുന്ന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താം.**

ആരോഗ്യവകുപ്പു എൻ.എച്ച്.എം പദ്ധതിയിലൂടെ നടത്തിവരുന്ന ജീവിതശൈലീരോഗസ്ക്രീനിംഗും ജീവിതശൈലീരോഗക്ലിനിക്കുകളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനുവേണ്ട ഇടപെടലുകൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടത്തണം.ആരോഗ്യവകുപ്പു നടപ്പാക്കിവരുന്ന സ്കൂൾ ആരോഗ്യപരിപാടിയുടെ മോണിറ്ററിംഗ് ഫലപ്രദമാക്കി സ്കൂൾ കുട്ടികളുടെ ആരോഗ്യപരിരക്ഷയ്ക്കുവേണ്ട ഇടപെടലുകൾ നടത്താൻ തദ്ദേശസ്ഥാപനങ്ങൾക്കു കഴിയും. ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഇതിനായി വിനിയോഗിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണവകുപ്പു പുറപ്പെടുവിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ (പരിചരണ പാക്കേജ്) അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യണം.ഉത്തരവ് നമ്പർ സ.ഉ.(സാധാ)3217/2015 തസ്വഭവ.തീയതി.29.10.2015) അതുപോലെതന്നെ എച്ച്.ഐ.വി. ബാധിതർക്കുള്ളതും എയ്ഡ്സ് രോഗികൾക്കുള്ളതുമായ പരിചരണപ്രവർത്തനങ്ങളും തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതാണ്.(സ.ഉ.(എം.എസ്)683/2013 തസ്വഭവ. തീയതി.15.3.2012 ഉത്തരവ് കാണുക).



സർക്കാർ മെഡിക്കൽ കോളേജുകൾ, റീജിണൽ കാൻസർ സെന്റർ എന്നിവയുടെ സഹകരണത്തോടെയും ബഹുജന-സന്നദ്ധസേവനസംഘടനകളുടെ പങ്കാളിത്തത്തോടെയും കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി മനുഷ്യരാശിയുടെ ഏററവും മാരകവും ഭീകരവുമായ രോഗത്തെ മുൻകൂട്ടി കണ്ട് ചികിത്സിച്ച് ഭേദമാക്കാനുള്ള സൗകര്യമൊരുക്കാവുന്നതാണ്. അതതു സ്ഥലത്തെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളും അവയിലെ ഉദ്യോഗസ്ഥരുമായിരിക്കണം ഇത്തരം ക്യാമ്പുകളുടെ ചുമതലകൾ ഏറ്റെടുക്കേണ്ടത്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററിക്കു ഇത്തരം പ്രവർത്തനങ്ങളിൽ ഗുണപരമായ ഇടപെടലുകൾ നടത്തുന്നതിനു കഴിയും.

സ്കൂൾ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കുമുണ്ടാകുന്ന ആരോഗ്യ-മാനസികപ്രശ്നങ്ങൾക്കും ആത്മഹത്യാപ്രവണതകൾക്കുമെതിരെ കൗൺസിലിംഗ് നടത്താവുന്നതാണ്.സ്കൂൾവിദ്യാർത്ഥികൾക്കു സ്കൂളിൽവച്ചുതന്നെയായിരിക്കണം ഇത്തരം കൗൺസിലിംഗ് നൽകേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അതിർത്തിയിലുള്ള മറ്റു യുവതീയുവാക്കൾക്കും ഇത്തരം കൗൺസിലിംഗിൽ പങ്കെടുക്കാൻ അവസരം നൽകണം. ഇതിനാവശ്യമായ സൗകര്യം സ്കൂൾ അധികൃതർ ഒരുക്കേണ്ടതാണ്.നിലവിൽ സാമൂഹ്യനീതിവകുപ്പു മുഖേനയും എൻ.എച്ച.എം മുഖേനയും നിയോഗി



**പരിസരശുചീകരണത്തിനും മാലിന്യനിർമ്മാർജനത്തിനും ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുന്തിയ പരിഗണന നൽകേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളും പരിസരങ്ങളും ശുചിയായി സൂക്ഷിക്കുന്നതിനുമുള്ള ഇടപെടൽ തദ്ദേശസ്ഥാപനങ്ങൾ കൈക്കൊള്ളണം. കേരള പഞ്ചായത്ത് ആക്ട് 1994 സെ. 219 എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ ഗ്രാമപഞ്ചായത്തുകൾക്കു ഇക്കാര്യത്തിൽ വിപുലമായ അധികാരം നൽകുന്നുണ്ട്.**

ക്കപ്പെട്ടിട്ടുള്ള കൗമാര ആരോഗ്യകൗൺസിലർമാരുടെ സേവനമാണ് ഇതിനുപയോഗപ്പെടുത്തേണ്ടത്.കൗൺസിലർമാരുടെ സേവനം ലഭ്യമല്ലാത്ത ഇടങ്ങളിൽ പി.ടി.എകളുടെ സാമ്പത്തിക സഹായത്തോടെ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കി ഈ പ്രവർത്തനം ഫലവത്താക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇപ്രകാരം ശാരീരികവും മാനസികവുമായ ഒരു ജനതയെ നിലനിർത്തുന്നതിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്ക് പൂർണമായും നിർവഹിക്കണം.

ശുചിത്വപരിപാലനത്തിൽ അതിയായ ശ്രദ്ധയും ജാഗ്രതയും തദ്ദേശസ്ഥാപനങ്ങൾ പുലർത്തേണ്ടതുണ്ട്. കക്കൂസ് ഇല്ലാ ത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കാൻ സ്വച്ച് ഭാരത് മിഷൻ പരിപാടിയിലൂടെ ശ്രദ്ധിക്കണം. അതുപോലെ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യം കൈവരിക്കാൻ ഹൃസ്വകാല അടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ എച്ച്.ഐ.വി. അണുബാധിതർക്കു പോഷകാഹാരം വിതരണം ചെയ്യാവുന്നതാണ്. അതുപോലെ പത്തുശതമാനം പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്കു പാകംചെയ്ത പ്രഭാതഭക്ഷണം കുടുംബശ്രീ മുഖേന വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാം. അർഹതയുള്ള പട്ടികവർഗ്ഗക്കാർക്കും ആശ്രയ പരിചരണസേവന പാക്കേജിൽ ഉൾപ്പെട്ടവർക്കും അങ്കൺവാടികൾ മുഖേന പാകംചെയ്ത ഭക്ഷണം വിതരണം ചെയ്യാവുന്നതാണ്.

പരിസരശുചീകരണത്തിനും മാലിന്യനിർമ്മാർജനത്തിനും ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുന്തിയ പരിഗണന നൽകേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളും പരിസരങ്ങളും ശുചിയായി സൂക്ഷിക്കുന്നതിനുമുള്ള ഇടപെടൽ തദ്ദേശസ്ഥാപനങ്ങൾ കൈക്കൊള്ളണം. കേരള പഞ്ചായത്ത്രാജ് ആക്ട് 1994 സെ. 219 എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ ഗ്രാമപഞ്ചായത്തുകൾക്കും320 മതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം മുനിസിപ്പൽ ആക്ടിലും ഇക്കാര്യത്തിൽ വിപുലമായ അധികാരം നൽകുന്നുണ്ട്.

ആരോഗ്യസുരക്ഷയോടൊപ്പം പരിസരമലിനീകരണം തടയലും മാലിന്യനിർമ്മാർജനവും തങ്ങളുടെ ചുമതലയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ആയതിനു ആവശ്യമുള്ള പദ്ധതികളും പരിപാടികളും ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനം നടത്തുവാനും അതു കുറ്റമറ്റതാണെന്നു നിരീക്ഷിക്കുവാനും തദ്ദേശസ്ഥാപനങ്ങൾ തയ്യാറായാൽ കേരളത്തെ രാജ്യത്തിനുതന്നെ മാതൃകയായ ഒരു സംസ്ഥാനമാക്കി മാറ്റാൻ നമ്മുക്കു കഴിയും.

**ശശിധരൻ തത്തപ്പിള്ളി**



ജില്ലാപ്ലാനിംഗ് ഓഫീസുകളിൽ പുതിയ നിയമനം ലഭിച്ച സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കും റിസർച്ച് അസിസ്റ്റന്റുമാർക്കും റസർച്ച് ഓഫീസർമാർക്കും കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം

## പ്ലാനിംഗ് ഉദ്യോഗസ്ഥർക്കു കിലയിൽ പരിശീലനം

ജില്ലാപ്ലാനിംഗ് ഓഫീസുകളിൽ പുതിയ നിയമനം ലഭിച്ച സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കും റിസർച്ച് അസിസ്റ്റന്റുമാർക്കും റിസർച്ച് ഓഫീസർമാർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു.ഗ്രാമപഞ്ചായത്ത്-നഗരസഭാ ഭരണസംവിധാനത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചായിരുന്നു പരിശീലനം. പരിശീലനപരിപാടി കില ഡയറക്ടർ പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ ജെ. നെൽസൺ സംസാരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽറ്റി സി.രാധാകൃഷ്ണൻ പരിശീലനത്തിനു നേതൃത്വം നൽകി. പൊതുഭരണം, സദ്ഭരണം, ടോടൽ ക്വാളിറ്റി മാനേജ്മെന്റ്, പ്രാദേശികഭരണം, സേവനങ്ങൾ, അയൽസഭ രൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ വിശദമായി ക്ലാസ്സെടുത്തു.സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്നായി 32 പേർ പരിശീലനത്തിൽ സംബന്ധിച്ചു.

# ചോദ്യങ്ങളും മറുപടിയും

? ഒരു പഞ്ചായത്തു മെമ്പർ തെരഞ്ഞെടുപ്പുകണക്കു ബോധിപ്പിച്ചില്ലെങ്കിൽ എന്താണ് ശിക്ഷ നൽകേണ്ടത്?

● നിർണയിക്കപ്പെട്ട സമയത്തിനുള്ളിൽ തെരഞ്ഞെടുപ്പു ചെലവുകളുടെ കണക്കു ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയാലോ ബോധിപ്പിച്ച കണക്കുകൾ കളവാണെന്നു ബോധ്യപ്പെട്ടാലോ നിർണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ തെരഞ്ഞെടുപ്പുചെലവു ചെയ്തിട്ടുണ്ടെന്നുബോധ്യപ്പെട്ടാലോ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ആ ആളെ അയോഗ്യനായി പ്രഖ്യാപിക്കേണ്ടതും ആ ഉത്തരവിന്റെ തീയതി തൊട്ട് അഞ്ചുവർഷത്തേക്കു അയോഗ്യനായിരിക്കുന്നതുമാണ്. ഈ വിവരം ഗസറ്റ് വഴി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്തു രാജ് ആകട് 1994.വകുപ്പ്.33)

? റോഡുകളിൽ ഉടനീളം സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും ഫ്ളക്സ് ബോർഡുകളും ജനങ്ങൾക്കു ശല്യമുണ്ടാക്കുന്നു. ഇതിനെതിരെ പഞ്ചായത്തിനു എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

● കഴിയും. പഞ്ചായത്തിന്റെ അനുവാദമില്ലാതെ സ്ഥാപിച്ചിട്ടുള്ളതും നിയമവ്യവസ്ഥയ്ക്കു വിപരീതമായി സ്ഥാപിച്ചിട്ടുള്ളതുമായ പരസ്യബോർഡുകൾ നീക്കം ചെയ്യുവാൻ പഞ്ചായത്തിനു അധികാരമുണ്ട്.(കേരള പഞ്ചായത്ത് രാജ് ആക്ട് 1994.വകുപ്പ് 209.സി)

? ഒരു പഞ്ചായത്തിൽ ഒരേ ബാങ്കിന്റെ മൂന്നു ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്നു സ്ഥാപനത്തിനും തൊഴിൽ നികുതി ഈടേക്കേണ്ടതുണ്ടോ?

● മൂന്നു സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ വ്യത്യസ്ത സ്ഥാപനങ്ങളായി കണ്ട് തൊഴിൽ നികുതി ഈടാക്കണം. താഴെ പറയുന്ന സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറി ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.(നമ്പർ 46915/എൽ.2/97 ത സ്വ ഭ വ. തീയതി.29.7.1998)

? തദ്ദേശസ്ഥാപനത്തിന്റെ കീഴിൽ ബഡ്സ് സകൂളുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ്, മാർഗ്ഗരേഖ മുതലായവ ഇറക്കിയിട്ടുള്ളത് പറഞ്ഞുതരണം.

● ബഡ്സ് സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായത് 2007 ലാണ്.(സ.ഉ.(എം.എസ്) 183/07/തസ്വഭവ.തീയതി.24.7.2007)ബഡ്സ്കൂൾ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത് 2009 ലാണ്.(സ.ഉ.(എം.എസ്)148/09/തസ്വഭവ. തീയതി 29.7.2009) എന്ന ഉത്തരവു കാണുക.

? ഒരു സാമൂഹ്യസുരക്ഷാപെൻഷൻ അപേക്ഷയുടെ കൂടെ വില്ലേജ് ഓഫീസറുടെ പക്കൽനിന്ന് വാങ്ങിയ വരുമാനസർട്ടിഫിക്കററുപ്രകാരം അമ്പതിനായിരം രൂപയിൽ താഴെയാണ് കുടുംബവരുമാനം. എന്നാൽ ആ കുടുംബത്തിലെ ഒരംഗത്തിനു വിദേശത്തു ജോലിയുണ്ട്. പെൻഷൻ അനുവദിക്കാമോ?

● സാമൂഹ്യസുരക്ഷാപെൻഷനിൽ വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ,ഭിന്നശേഷിയുള്ളവരുടെ പെൻഷൻ തുടങ്ങിയവയുടെ വരുമാനപരിധി ഒരു ലക്ഷം രൂപയിൽ താഴെയാണ്. ലഭിച്ച അപേക്ഷയിൽ അന്വേഷണം നടത്തി ശരിയായ വിവരം ഭരണസമിതിയിൽ റിപ്പോർട്ടു ചെയ്യുക.അർഹതയുണ്ടെങ്കിൽ മാത്രം പെൻഷൻ നൽകാൻ തീരുമാനിക്കുക.

? പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരം വിവാഹം രജിസ്ററർ ചെയ്തിട്ടുണ്ട്.ഒരു വർഷം കഴിഞ്ഞ് അവർ കോടതിയിൽ വച്ച് വിവാഹമോചിതരായി. പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ റദ്ദുചെയ്യണമെന്നു ആവശ്യപ്പെടുന്നു. ചെയ്തുകൊടുക്കാമോ?

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

● വിവാഹമോചനം നേടിയെന്ന കാരണത്താൽ രജസ്ട്രേഷൻ റദ്ദുചെയ്യാൻ പാടില്ല. കോടതിയിൽനിന്നും വിവാഹമോചനം നേടിയ രേഖ അവർ സൂക്ഷിച്ചാൽ മതി.

? 2016-17 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിനു പുതിയ നിർദ്ദേശങ്ങളോ മാർഗ്ഗരേഖയോ വന്നിട്ടുണ്ടോ?

● സ.ഉ.(എം.എസ്)4/2016 തസ്വഭവ. തീയതി 11.1.2016 നമ്പറായി ഇറക്കിയ മാർഗ്ഗരേഖ പ്രകാരവും 30.6.2016-ൽ തദ്ദേശസ്വയംഭരണവകുപ്പു പുറത്തിറക്കിയ സ.ഉ.(സാധാ)2037/16 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാണ് 2016-17 ലെ പദ്ധതി തയ്യാറാക്കേണ്ടത്.

? പഞ്ചായത്തിൽ ജാഗ്രാതാസമിതി വിളിച്ചുചേർത്തില്ലെങ്കിൽ അംഗത്തിനു അയോഗ്യത വരുമെന്നു പറയുന്നു. ജാഗ്രതാസമിതിയുടെ ഘടന വിശദീകരിക്കാമോ?

● ജാഗ്രതാസമിതിസംബന്ധിച്ച 2015 ലെ കേരളപഞ്ചായത്ത് രാജ് ഭേദഗതി ഓർഡിനൻസിലാണ് അംഗത്തിനു അയോഗ്യത പറഞ്ഞിരുന്നത്.എന്നാൽ ആ ഓർഡിനൻസ് നിയമമായിട്ടില്ല. അതുകൊണ്ടുതന്നെ അംഗത്തിനു അയോഗ്യത വരും എന്ന വ്യവസ്ഥയ്ക്കു നിയമപ്രാബല്യം വന്നിട്ടില്ല.ജാഗ്രാതാസമിതിസംബന്ധിച്ച് 2007 ൽ സ.ഉ.(എം.എസ്)31/07സാ.ക്ഷേ.വ. 23.06. 2007 ൽ പുറപ്പെടുവിച്ച പഴയ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങളാണ് നിലവിലുള്ളത്. പുതിയ മാർഗ്ഗരേഖ ഉത്തരവായി വന്നിട്ടില്ല.

? സാധുക്കളായ വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായത്തിനു അപേക്ഷ സമിർപ്പിക്കേണ്ടത് എങ്ങനെയാണ്?

● സാധുക്കളായ വിധവകളുടെ പെൺമക്കൾക്കു വിവാഹധനസഹായത്തിനു നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടുപകർപ്പ് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കണം. അപേക്ഷക വിധവയാണെന്നു തെളിയിക്കുന്ന രേഖ, വിവാഹിതയാകുന്നവരുടെ ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പ്, വിവാഹം നിശ്ചയിച്ചതുസംബന്ധിച്ച് പ്രതിശ്രുതവരന്റെ സത്യവാങ്മൂലം, വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ കഴിഞ്ഞ മൂന്നുവർഷമായി സ്ഥിരതാമസമാണെന്നുള്ള രേഖ എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. വിവാഹദിവസം പെൺകുട്ടി 18 വയസ്സു പൂർത്തിയായിരിക്കണം.കുടുംബവാർഷികവരുമാനം 20,000/- രൂപയിൽ കവിയരുത്.കുടുംബത്തിൽ സ്വർണ്ണം ഉൾപ്പെടെ 50,000/- രൂപയിൽ കവിയാത്ത സ്വത്തുണ്ടാകരുത്. ഇപ്രകാരമുള്ള നിബന്ധനയിൽ അപേക്ഷ സമർപ്പിക്കുക.അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകേണ്ടത് ഐ.സി.ഡി.എസ് സൂപ്രവൈസറാണ്.വിധവയാണെന്നുള്ള സാക്ഷ്യപത്രം പഞ്ചായത്ത് പ്രസിഡന്റിന്റേതായാലും മതിയാകുന്നതാണ്. വിവാഹത്തിനു ഒരു മാസം മുമ്പോ അല്ലെങ്കിൽ വിവാഹം കഴിഞ്ഞ് ഒരു മാസത്തിനുള്ളിലോ അപേക്ഷിക്കണം. കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയോടുകൂടി ഒരുവർഷം വരെ അപേക്ഷിക്കാം.1.(സർക്കുലർ നമ്പർ 25918/ഡി.ബി.2/2008. തസ്വഭവ. തീയതി.14.7.2008) 2.സ.ഉ.(എം.എസ്)76/2012. സാ.നീ.വ. തീയതി.26.12.1978. 3.സ.ഉ.(പി)151/78/സാ.ക്ഷേ.വ.തീയതി.19.6.1978. 4 സർക്കുലർ.13660/സി1/സാ.നീ.വ. തീയതി.22.10.2013. എന്നിവ കാണുക.

കവിത

# വിജ്ഞാനകേന്ദ്രം




**കെ.ആർ.അജിത**
ചെയർപേഴ്സൺ,
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്,
തിരുവനന്തപുരം.


പൂരം നിറയും നാട്ടിൽ നല്ലൊരു
വിജ്ഞാനത്തിൻ കേന്ദ്രം
കിലയെന്നുള്ളൊരു വിജ്ഞാനത്തിൻ കേന്ദ്രം
ഭരണസിരാകേന്ദ്രങ്ങൾക്കെന്നും
അഭിമാനത്തിൻ കേന്ദ്രം
അറിവുകൾ നൽകി നമ്മെ എന്നും
മുന്നിൽ നയിക്കും കേന്ദ്രം.
അഗസ്ത്യമലയുടെ താഴ്‌വാരത്തിൽ
നെയ്യാറൊഴുകും ഗ്രാമം
അവിടെനിന്നു വന്നൂ ഞങ്ങൾ
അറിവുകൾ നേടാനിവിടെ
അറിവുകൾ നേടി നമ്മൾക്കൊന്നായ്
വികസനഗാഥ രചിക്കാം.
നാടിൻ വികസനസ്വപ്നം നേടാം
കാടും മേടും കാട്ടരുവികളും
നാടിൻ സമ്പത്താണേ
നാളെ വരുന്നൊരു തലമുറകൾക്കായി
സംരക്ഷകരായ് തീരാം
അവയുടെ കാവലാളായ് തീരാം.
തലമുറതോറും അറിവുകൾ നൽകാൻ
വളരട്ടേ ഈ കേന്ദ്രം
അഭിമാനിക്കാൻ കേരളമണ്ണിൽ
കിലയെന്നുള്ളൊരു ക്ഷേത്രം.



ലോകപരിസ്ഥിതിദിനത്തിൽ കില കാമ്പസിൽ ഡയറക്ടർ **ഡോ.പി.പി.ബാലന്റെ** നേതൃത്വത്തിൽ വൃക്ഷത്തൈ നടന്നു



ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട കൺസ്പ്റ്റ് നോട്ട് തയ്യാറാക്കുന്നതിനു തിരുവനന്തപുരത്ത് ചീഫ് സെക്രട്ടറി **എസ്.എം. വിജയാനന്ദിന്റെ** അദ്ധ്യക്ഷതയിൽ ചേർന്ന ശിൽപ്പശാല



ഉത്തരവാദിത്വഭരണത്തെക്കുറിച്ച് ലോഗിൻ ഏഷ്യ കൊളംബോയിൽ സംഘടിപ്പിച്ച അന്തർദേശീയ ശിൽപ്പശാല. കില അസി.പ്രൊഫ. **ഡോ.ജെ.ബി.രാജൻ** മുൻനിരയിൽ



## കിലയ്ക്കു 50 ലക്ഷം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കേരളാ ഇൻസ്ററിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനു (കില) സംസ്ഥാന ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തി.



കിലയിലെത്തിയ മന്ത്രി ഡോ.കെ.ടി.ജലീലിനെ കില സ്റ്റാഫ് ഓർഗനൈസേഷൻ സെക്രട്ടറി ശിവാനന്ദൻ പൊന്നാടയണിയിച്ച് സ്വീകരിക്കുന്നു



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)